"ഭരണഭാഷ – മാതൃഭാഷ"

നമ്പർ.എസ്.4/104148/MSCST/F/2013-14/കോ.വി.വ.കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ,
തിരുവനന്തപുരം-33
തീയതി: 26/10/2013

# വിജ്ഞാപനം

കേരളത്തിലെ പ്രൈമറി/സെക്കൻഡറി ഹൈസ്കൂൾ അദ്ധ്യാപകരുടെ മക്കളായ വിദ്യാർത്ഥികൾക്ക് 2013-14 അദ്ധ്യയനവർഷത്തേയ്ക്ക് മെരിറ്റ് സ്കോളർഷിപ്പിനുള്ള അപേക്ഷകൾ ഓൺലൈനായി ക്ഷണിച്ചുകൊള്ളുന്നു.

2013 മാർച്ച്/ഏപ്രിൽ മാസങ്ങളിൽ നടന്ന എസ്.എസ്.എൽ.സി/ഹയർ സെക്കൻഡറി അഥവാ തത്തുല്യ പരീക്ഷയിൽ 60% കുറയാതെ മാർക്ക് വാങ്ങി വിജയിച്ചശേഷം ഏതെങ്കിലും സർക്കാർ/സർക്കാർ അംഗീകൃത/ഹയർ സെക്കൻഡറി സ്കൂളുകളിലോ/ആർട്ട്സ് & സയൻസ് കോളേജുകളിലോ ഒന്നാം വർഷ ക്ലാസ്സുകളിൽ പ്രവേശനം നേടിയവർക്കും രക്ഷാകർത്താക്കളുടെ ആകെ കുടുംബ വാർഷിക വരുമാനം 1,00,000/- (ഒരു ലക്ഷം) രൂപയിൽ കവിയാത്തവരുമായ പ്രൈമറി/സെക്കൻഡറി സ്കൂൾ അദ്ധ്യാപകരുടെ മക്കൾക്ക് ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്. അപേക്ഷകൾ കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ സ്കോളർഷിപ്പ് വെബ്സൈറ്റായ www.dcescholarship.kerala.gov.in – ൽ Merit scholarship to the children of primary/secondary school teachers (MSCST) എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് **30/10/2013** തീയതി മുതൽ ഓൺലൈനായി സമർപ്പിക്കാം.

1. <u>യോഗ്യതകൾ</u>

- 2013 മാർച്ച്/ഏപ്രിൽ എസ്.എസ്.എൽ.സി (SSLC)യോ തത്തുല്യ പരീക്ഷയോ/ഹയർ സെക്കൻഡറി പരീക്ഷയോ പാസായിരിക്കണം.
- അപേക്ഷകർ 2013-14 അദ്ധ്യയന വർഷത്തിൽ +1 നോ അല്ലെങ്കിൽ ഡിഗ്രി ഒന്നാം വർഷത്തിലോ കേരളത്തിലെ സർക്കാർ/സർക്കാർ അംഗീകൃത സ്കൂളുകളിലോ കോളേജുകളിലോ ചേർന്ന് പഠിക്കുന്നവരായിരിക്കണം.
- അപേക്ഷകർ സർക്കാർ/സർക്കാർ അംഗീകത സ്കൂളിലെ പ്രൈമറി/സെക്കൻഡറി അദ്ധ്യാപകരുടെ മക്കൾ ആയിരിക്കണം.
- സ്കോളർഷിപ്പ് തുകയും എണ്ണവും

| കോഴ്സ് | സ്കോളർഷിപ്പുകളുടെ എണ്ണം | സ്കോളർഷിപ്പ് തുക |
|---|---|---|
| പ്ലസ് വൺ | 38 | Rs. 50/- PM |
| ബിരുദം | 3 | $1^{st}$ year Rs. 50 PM |
| ഹോസ്റ്റലിൽ താമസിച്ച് പഠിക്കുന്നവർക്ക് സ്കോളർഷിപ്പിനൊപ്പം പ്രതിമാസം Rs. 25/- വീതം കൂടുതലായി നൽകുന്നതാണ്. | | |

(3) <u>വരുമാനപരിധി</u>

പ്രൈമറി/സെക്കൻഡറി അദ്ധ്യാപകരുടെ കുടുംബ വാർഷിക വരുമാനം (ഒരു ലക്ഷം) 100000/- കവിയാൻ പാടില്ല.

(4) <u>വരുമാന പരിധി കണക്കാക്കുന്ന രീതി</u>

- അടിസ്ഥാന ശമ്പളത്തോടുകൂടി മറ്റ് വരുമാനം ഉണ്ടെങ്കിൽ അവകൂടി ചേർത്താണ് വാർഷിക വരുമാനം കണക്കാക്കേണ്ടത്.
- എന്നാൽ അടിസ്ഥാന ശമ്പളത്തിന്റെ 25% സ്റ്റാൻഡേർഡ് കിഴിവും PF/LIC കോൺട്രിബ്യൂഷൻ എന്നിവ പരിഗണിച്ച് പരമാവധി 30% കിഴിവും അനുവദനീയമാണ്. (യഥാർത്ഥ തുക അല്ലെങ്കിൽ 30% ഏതാണ് കുറവ് അത് പരിഗണിക്കും)
- സ്ഥാപനമേധാവിയിൽ നിന്നുള്ള ശമ്പള സാക്ഷ്യപത്രം [(PF/LIC) എന്നിവയുള്ള കിഴിവ് വ്യക്തമായി കാണിക്കുന്ന തരത്തിലുള്ളത്] അപേക്ഷയോടൊപ്പം ഹാജരാക്കണം.

(5) <u>ബന്ധപ്പെട്ട മറ്റ് വിവരങ്ങൾ</u>

- അപേക്ഷകർക്ക് സ്റ്റേറ്റ്ബാങ്ക് ഓഫ് ട്രാവൻകൂർ, SBI, Federal Bank, South Indian Bank, എന്നിവയിൽ ഏതെങ്കിലും ബാങ്കിൽ സ്വന്തം പേരിൽ അക്കൗണ്ട് ഉണ്ടായിരിക്കണം.
- ബാങ്ക് അക്കൗണ്ട് ആധാർ നമ്പരുമായി ലിങ്ക് ചെയ്തിരിക്കണം. ആധാർ നമ്പർ ലഭിച്ചിട്ടില്ലെങ്കിൽ EID നമ്പർ നൽകിയാലും മതിയാകും. (Enrolment ID)
- മറ്റ് ഏതെങ്കിലും സ്കോളർഷിപ്പോ/ഫീസാനുകൂല്യങ്ങളോ കൈപ്പറ്റുന്നവർ ഈ സ്കോളർഷിപ്പിന് അപേക്ഷിക്കാൻ അർഹരല്ല.
- വരുമാന സർട്ടിഫിക്കറ്റിനോടൊപ്പം സമർപ്പിക്കേണ്ട ഡിക്ലറേഷന്റെ മാതൃക(Appentix ii) ഈ വിജ്ഞാപനത്തിന്റെ അവസാനഭാഗത്ത് ഉൾപ്പെടുത്തിയിട്ടുണ്ട്.

(6) <u>അപേക്ഷിക്കേണ്ട രീതി</u>

(എ) അപേക്ഷകൾ ഓൺലൈനായി **30/10/2013** മുതൽസമർപ്പിക്കാവുന്നതാണ്. ഇതിനായി

1. www.dcescholarship.kerala.gov.in എന്ന വെബ്സൈറ്റിൽ Merit scholarship to the children of primary/secondary school teachers (MSCST) എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക.
2. Apply online-ൽ ക്ലിക്ക് ചെയ്യുക.

3. മറ്റ സ്കോളർഷിപ്പിനായി മുൻപ് രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ അതിന്റെ വിവരങ്ങൾ വച്ച് candidate login ചെയ്യുക.
4. അല്ലെങ്കിൽ New registration – ൽ ക്ലിക്ക് ചെയ്ത് submit ചെയ്യുക.
5. സ്കോളർഷിപ്പ് പേജിൽ MSCST എന്ന Tab-ൽ ക്ലിക്ക് ചെയ്യുക.
6. കുടുംബവാർഷിക വരുമാനം പൂരിപ്പിക്കുക.
7. നൽകിയ വിവരങ്ങൾ ശരിയെങ്കിൽ വീണ്ടും submit ക്ലിക്ക് ചെയ്യുക.

(ബി) Online-ലൂടെ അപേക്ഷ നൽകിയതിനുശേഷം view/Print Application ക്ലിക്ക് ചെയ്ത് രജിസ്ട്രേഷൻ ഫോമിന്റെ പ്രിന്റൗട്ട് എടുത്തിരിക്കണം.

1. രജിസ്ട്രേഷൻ ഫോമിന്റെ പ്രിന്റൗട്ട് ഭാഗം 5 ൽ പറയുന്ന രേഖകൾ സഹിതം വിദ്യാർത്ഥി ഇപ്പോൾ പഠിക്കുന്ന സ്ഥാപന മേധാവിക്ക് സമർപ്പിക്കേണ്ടതാണ്.
2. വിദ്യാർത്ഥി സമർപ്പിക്കുന്ന രേഖകളും, രജിസ്ട്രേഷൻ പ്രിന്റൗട്ടും ഓൺലൈൻ വഴി സ്ഥാപന മേധാവിയോ (പ്രിൻസിപ്പാളോ/യൂണിവേഴ്സിറ്റികളിലെ വകുപ്പ് മേധാവികളോ) അദ്ദേഹം ചുമതലപ്പെടുത്തിയിരിക്കുന്ന ഉദ്യോഗസ്ഥനോ പരിശോധിക്കേണ്ടതാണ്.(വെരിഫിക്കേഷൻ).
3. സൂക്ഷ്മ പരിശോധന നടത്തിക്കഴിഞ്ഞ അപേക്ഷകൾ സ്ഥാപന മേധാവി പ്രിൻസിപ്പാളോ/യൂണിവേഴ്സിറ്റികളിലെ വകുപ്പ് മേധാവികളോ) ഓൺലൈൻ വഴി അംഗീകരിച്ചിരിക്കണം.(അപ്രൂവൽ)
4. അപേക്ഷകൾ അതാതു സ്ഥാപനങ്ങളിൽതന്നെ സൂക്ഷിക്കേണ്ടതാണ്. കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ സ്കോളർഷിപ്പ് ഇൻസ്പെക്ഷൻ ടീമിന്റെ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

(7) <u>സ്ഥാപന മേധാവിക്ക് സമർപ്പിക്കേണ്ട രേഖകൾ</u>

1. അപേക്ഷകന്റെ ഫോട്ടോ പതിച്ച രജിസ്ട്രേഷൻപ്രിന്റ്ഔട്ട്.
2. SSLC മാർക്ക് ലിസ്റ്റിന്റെ ഗസ്റ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
3. അദ്ധ്യാപകരായ രക്ഷാകർത്താവിന്റെ വരുമാനം അനുവദനീയമായ കിഴിവുകൾ കഴിഞ്ഞ് (ഒരു ലക്ഷം രൂപ) 100,000/- യിൽ കവിയാത്ത ശമ്പളസാക്ഷ്യപത്രം (Annexure-II) പൂരിപ്പിച്ചത്.
4. അപേക്ഷകർ 2013-14 അദ്ധ്യയന വർഷത്തിൽ +1 നോ അല്ലെങ്കിൽ ഡിഗ്രി ഒന്നാം വർഷത്തിലുള്ളതോ ആയ യോഗ്യതാസർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

(8) <u>തെരഞ്ഞെടുപ്പ് രീതി</u>

അദ്ധ്യാപകരായ രക്ഷാകർത്താവിന്റെ വരുമാനം അനുവദനീയമായ കിഴിവുകൾ കഴിഞ്ഞ് 1,00,000/- (ഒരു ലക്ഷം) രൂപയിൽ കവിയാത്ത ശമ്പള സാക്ഷ്യപത്രങ്ങൾ ഉള്ള അപേക്ഷകൾ പരിഗണിക്കും.

(9) അവസാന തീയതികൾ

1. ഓൺലൈനായി അപേക്ഷ രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി **29/11/2013** ആണ്.
2. രജിസ്ട്രേഷൻ പ്രിന്റ് ഔട്ടും മറ്റ് അനുബന്ധരേഖകളും സ്ഥാപന മേധാവിക്ക് സമർപ്പിക്കേണ്ട തീയതി **10/12/2013** ആണ്.
3. സ്ഥാപന മേധാവികൾ സൂക്ഷ്മ പരിശോധന കഴിഞ്ഞ് ഓൺലൈൻ വഴി അപേക്ഷകൾ അംഗീകരിക്കേണ്ട തീയതി **20/12/13** ആണ്.

സ്പെഷ്യൽ ഓഫീസർ ഫോർ സ്കോളർഷിപ്പ്സ്

എൽ.ജി. 11.10.13